## പതിമൂന്നാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 682 10/03/2015-ൽ മറുപടിക്ക്

## അട്ടപ്പാടിയിലെ ഭൂരഹിതരായ പട്ടികവർഗ്ഗക്കാർക്ക് ഭൂമി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. കെ.വി. വിജയദാസ് : | | കുമാരി. പി.കെ. ജയലക്ഷ്മി<br>(പട്ടികവർഗ്ഗ ക്ഷേമവും, യുവജനകാര്യവും, കാഴ്ചബംഗ്ളാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി) | |
| (എ) | കേരളത്തിൽ ഭൂമിയില്ലാത്ത എത്ര പട്ടികവർഗ്ഗക്കാരുണ്ട്; ജില്ലതിരിച്ചുള്ള കണക്ക് നൽകുമോ; ഇതിനായി എത്ര ഏക്കർ ഭൂമി സർക്കാർ കണ്ടെത്തിയിട്ടുണ്ട്; വിശദവിവരം നൽകുമോ; | (എ) | കേരളത്തിൽ ഭൂമിയില്ലാത്ത 10517 പട്ടികവർഗ്ഗക്കാരുണ്ട്. ജില്ല തിരിച്ചുള്ള കണക്ക് **അനുബന്ധം 1** ൽ ചേർക്കുന്നു. ഇതിനായി സർക്കാർ 19002 ഏക്കർ വന ഭൂമി കണ്ടെത്തിയിട്ടുണ്ട്. ഇതിൽ 7149.7 ഏക്കർ വാസയോഗ്യമാണെന്ന് ശുപാർശ ചെയ്യപ്പെട്ടിട്ടുണ്ട്. ജില്ല തിരിച്ചുള്ള കണക്ക് **അനുബന്ധം 2** ൽ ചേർക്കുന്നു. കൂടാതെ ആശിക്കും ഭൂമി ആദിവാസികൾക്ക് സ്വന്തം പദ്ധതി പ്രകാരം ഭൂമി വാങ്ങി നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. |
| (ബി) | ഇതിൽ എത്രപേർക്ക് ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഭൂമി നൽകിയിട്ടുണ്ട്; വിശദവിവരം നൽകുമോ; | (ബി) | ഈ സർക്കാർ അധികാരത്തിൽവന്ന ശേഷം ഭൂരഹിതരായ പട്ടികവർഗ്ഗക്കാർക്ക് താഴെപ്പറയും പ്രകാരം ഭൂമി അനുവദിച്ച നൽകിയിട്ടുണ്ട്.<br>1) ആശിക്കും ഭൂമി ആദിവാസികൾക്ക് സ്വന്തം പദ്ധതി പ്രകാരം 420 പേർക്ക് ഭൂമി വിതരണം ചെയ്തിട്ടുണ്ട്.<br>2) ടി.ആർ.ഡി.എം. മുഖേന ഭൂരഹിതരായ 777 പേർക്ക് ഭൂമി കണ്ടെത്തി നൽകിയിട്ടുണ്ട്.<br>3) ഭൂരഹിത കേരളം പദ്ധതി (3 സെന്റ് വീതം) - 450 പേർക്ക്<br>4) കെ.എസ്.റ്റി. ആക്ട് - 120 പേർക്ക്<br>5) വനാവകാശ നിയമ പ്രകാരം - 8223 പേർക്ക്. |
| (സി) | അട്ടപ്പാടിയിലെ ഭൂരഹിതരുടെ വിശദവിവരം നൽകുമോ; ഈ സർക്കാർ അധികാരത്തിൽ വന്നശേഷം അട്ടപ്പാടിയിലെ പട്ടികവർഗ്ഗക്കാരായിട്ടുള്ള ഭൂരഹിതരുടെ ഭൂമി പ്രശ്നം പരിഹരിക്കുന്നതിനായി മാത്രം ചെയ്തിട്ടുള്ള നടപടികളുടെ | (സി) | അട്ടപ്പാടിയിൽ 835 ഭൂരഹിത പട്ടികവർഗ്ഗക്കാർ ഉണ്ട്. അട്ടപ്പാടിയിലെ പട്ടികവർഗ്ഗക്കാരായിട്ടുള്ള ഭൂരഹിതരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br>1) ആശിക്കും ഭൂമി ആദിവാസികൾക്ക് സ്വന്തം പദ്ധതി പ്രകാരം ഒരാൾക്ക് ഭൂമി വാങ്ങി നൽകിയിട്ടുണ്ട്.<br>2) പാരമ്പര്യമായി ഭൂമി ലഭിക്കാൻ |

| | | | |
|---|---|---|---|
| | വിശദവിവരം നൽകുമോ; ഇതിന്റെ ഭാഗമായി എത്രപേർക്ക് ഭൂമി നൽകി; | | സാധ്യതയുള്ളതും എന്നാൽ ഭാഗപത്രം ചെയ്തിട്ടില്ലാത്തതുമായ കേസുകളിൽ ഭൂമി ഭാഗിച്ച് നൽകുന്നതിനും കുടുംബങ്ങളെ ഭൂവുടമകളാക്കുന്നതിനും ലക്ഷ്യമിട്ട് ആയതിനുള്ള ചെലവ് വകുപ്പ് തന്നെ വഹിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്.<br>3) സംയുക്ത പരിശോധനയിൽ, വിതരണം ചെയ്യുന്നതിന് അനുയോജ്യമായി കണ്ടെത്തിയിട്ടുള്ള 1898 ഏക്കർ ഭൂമി അർഹതപ്പെട്ടവർക്ക് അനുവദിക്കുന്നതിനുള്ള നടപടികൾ പുരോഗതിയിലാണ്.<br>4) കെ.എസ്.റ്റി. ആക്ട് പ്രകാരം മണ്ണാർക്കാട് വില്ലേജിലെ തത്തയംഗലത്ത് 120 പേർക്ക് ഭൂമി അനുവദിച്ചു നൽകിയിട്ടുണ്ട്. |
| (ഡി) | ഭൂമി വിലയ്ക്കുവാങ്ങി വയനാട്ടിലെ പട്ടികവർഗ്ഗക്കാർക്ക് നൽകുന്നതിനായി സ്വീകരിച്ച നടപടികളുടെ വിശദാംശം നൽകുമോ; | (ഡി) | വയനാട്ടിലെ പട്ടികവർഗ്ഗക്കാർക്ക് ഭൂമി വാങ്ങി നൽകുന്നതിന് 50 കോടി രൂപ അനുവദിച്ച് നൽകിയിട്ടുണ്ട്. ആയതിന്റെ തുടർ നടപടികളുടെ ഭാഗമായി ഭൂമി വിൽക്കുന്നതിന് താല്പര്യപത്രം ക്ഷണിക്കുകയും അപ്രകാരം അപേക്ഷ സമർപ്പിച്ചിട്ടുള്ള ഭൂ ഉടമകളുടെ ഭൂമി വയനാട് ജില്ലാ കളക്ടർ നിയോഗിച്ച സംയുക്ത പരിശോധനാ സംഘം പരിശോധിക്കുകയും ചെയ്തിട്ടുണ്ട്. ഭൂമിയുടെ ഉപയുക്തത സംബന്ധിച്ച പരിശോധന ഇതിനകം പൂർത്തിയായിട്ടുണ്ട്. മാർച്ച് 31 ന് ഉള്ളിൽ ഭൂമി വിലക്കെടുത്ത് ഭൂരഹിത പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് വിതരണം ചെയ്യുന്നതിന് മാർഗ്ഗ നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ഇ) | കഴിഞ്ഞ 8 വർഷമായി ഇതിലേയ്ക്ക് അനുവദിക്കപ്പെട്ട തുകയുടെയും ചെലവിന്റെയും വിശദവിവരങ്ങൾ നൽകുമോ? | (ഇ) | വയനാട്ടിലെ ഭൂരഹിതരായ പട്ടികവർഗ്ഗക്കാർക്ക് ഭൂമി വാങ്ങി നൽകുന്നതിന് താഴെപ്പറയും പ്രകാരം തുക അനുവദിച്ചിട്ടുണ്ട്.<br>1) 50 കോടി രൂപ ഉപയോഗിച്ച് ഭൂമി വിലക്കെടുക്കുന്ന പദ്ധതി - തുക 31.03.2015 നകം ചെലവഴിക്കാൻ ജില്ലാ കളക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.<br>2) ആശിക്കും ഭൂമി ആദിവാസികൾക്ക് സ്വന്തം പദ്ധതി -<br>അനുവദിച്ച തുക – 13,50,69,948/-<br>ചെലവഴിച്ച തുക – 12,17,46,293/- |

**സെക്ഷൻ ഓഫീസർ**

7

അനുബന്ധം 1

## ഭൂരഹിത പട്ടികവർഗ്ഗ കുടുംബങ്ങൾ

| | | |
|---|---|---|
| 1 | തിരുവനന്തപുരം | 16 |
| 2 | കൊല്ലം | 76 |
| 3 | പത്തനംതിട്ട | 128 |
| 4 | ആലപ്പുഴ | 212 |
| 5 | കോട്ടയം | 206 |
| 6 | ഇടുക്കി | 453 |
| 7 | എറണാകുളം | 194 |
| 8 | തൃശ്ശൂർ | 74 |
| 9 | പാലക്കാട് | 1826 |
| 10 | മലപ്പുറം | 733 |
| 11 | കോഴിക്കോട് | 301 |
| 12 | വയനാട് | 4913 |
| 13 | കണ്ണൂർ | 170 |
| 14 | കാസർഗോഡ് | 1215 |
| | ആകെ | **10517** |

അനുബന്ധം 2

## സുപ്രീംകോടതി വിധി പ്രകാരം വിതരണത്തിന് കണ്ടെത്തിയ ഭൂമി

| ജില്ല | കണ്ടെത്തിയ ഭൂമി (ഏക്കറിൽ) | വാസയോഗ്യമെന്ന് റിപ്പോർട്ട് ചെയ്യപ്പെട്ട ഭൂമി (ഏക്കറിൽ) |
|---|---|---|
| കാസർഗോഡ് | 91.89 | 91.89 |
| കണ്ണൂർ | 205.01 | 205.01 |
| വയനാട് | 7429.95 | 1179.47 |
| മലപ്പുറം | 502.99 | 306.75 |
| പാലക്കാട് | 10772.42 | 5366.60 |
| **ആകെ** | **19002.3** | **7149.72** |

R. [signature]
സെക്ഷൻ ഓഫീസർ